
സൗരഭം

# കൊടുവള്ളി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് തയ്യാറാക്കിയ




"സൗരഭം" ഇ മാഗസിനിലേക്ക് സ്വാഗതം

# എഡിറ്റോറിയൽ ബോർഡ്



## ചീഫ് എഡിറ്റർ

ദേവകൃഷ്ണ

## അംഗങ്ങൾ

മർവ ഫാത്തിമ,

മിൻസ സൈനബ,

ആയിഷ ഫിദ I

അനുവിന്ദ,

മേഘ്ന,

സൗരവ് ലാൽ,

അർജിത്ത് രാജ്

# ആമുഖം



ഗവ. ഹയർ സെക്കൻററി സ്കൂൾ
കൊടുവള്ളിയിലെ വിദ്യാർത്ഥികളുടെയും
അധ്യാപകരുടെയുംകല,സാഹിത്യ,
ശാസ്ത്ര വിജ്ഞാന അഭിരുചികൾ
കോർത്തിണക്കിക്കൊണ്ട് വീണ്ടും
ഒരു ഇ-മാഗസിൻ അവതരിപ്പിക്കുന്നു.
സ്കൂൾ ലിറ്റിൽകൈറ്റ്സിൻെറ രണ്ടാം സംരഭമായ
'സൗരഭം"
കെട്ടിലുംമട്ടിലുംഏറേപുതുമയാർന്നതാണ്
.ഞങ്ങളുടെകനവുകളുംനിനവുകളും,
സൗഹൃദവും പ്രതീക്ഷകളും ഒരുമയും
അക്ഷരങ്ങളായി ഇതൾ
വിരിയുകയാണിവിടെ .ഞങ്ങളുടെ
ഭാവനയുടെ സൗരഭം നിങ്ങൾക്കു
മുമ്പിലെത്തുമ്പോൾ സ്വീകരിക്കുമെന്ന
പ്രതീക്ഷയോടെ .............

# സന്ദേശം



നമ്മുടെ സംസ്ഥാനത്ത് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പ്രവർത്തനം ആരംഭിച്ചിട്ട് രണ്ട് വർഷം തികയാൻ പോവുകയാണ്. സ്കൂൾ ഹൈടെക് ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും വിദ്യാർത്ഥികൾക്ക് ഐടി, ഇലക്ട്രോണിക്സ് മേഖലകളിൽ കൂടുതൽ അറിവ് നൽകുന്നതിനും, സ്കൂളിലെ എല്ലാ പൊതുപ്രവർത്തനങ്ങളിലും പങ്കാളികളാകുന്നതിനും ഈ ക്ലബ്ബിലെ കുട്ടികൾ മുൻപന്തിയിലാണ്. കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തനങ്ങൾക്ക് ലിറ്റിൽ കൈറ്റ്സ് അവാർഡ് നേടാനും നമുക്ക് കഴിഞ്ഞു. അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഒളിഞ്ഞ് കിടക്കുന്ന സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാനും അത് മറ്റുള്ളവരിലേക്ക് പകർന്ന് നൽകാനും ലിറ്റിൽ കൈറ്റ്സുകളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന E മാഗസിന് കഴിയുമാറാകട്ടെ, ഈ ദൗത്യത്തിന് പിന്നിൽ പ്രവർത്തിക്കുന്ന എല്ലാ അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ
ജി.എച്ച്.എസ്.എസ്
കൊടുവള്ളി.

# സന്ദേശം



ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഈ ഇ-മാഗസിൻ കുട്ടികളുടെ ഉള്ളിൽ ഒളിഞ്ഞു കിടക്കുന്ന കഴിവുകൾ പുറത്ത് കൊണ്ട് വരുന്നതിനും അത് രാജ്യമൊട്ടാകെ പ്രദർശിപ്പിക്കുന്നതിനും ഒരു സുവർണ്ണാവസരമാണ്. ഓരോ വർഷം കഴിയും തോറും വിദ്യാർത്ഥികൾക്ക് നൂതനമായ പല പ്രവർത്തനങ്ങളും കാഴ്ച വെക്കാൻ കഴിയട്ടെ. അവരുടെ ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എന്റെ എല്ലാ ആശംസകളും നേരുന്നു.

മുഹമ്മദ് കണ്ടത്തറ
പ്രസിഡന്റ്
പി. ടി. എ
ജി. എച്ച്. എസ്. എസ്
കൊടുവള്ളി

# സന്ദേശം



ആശംസ

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സ്കൂളിന് അഭിമാനകരമായ പല നേട്ടങ്ങളും കൈവരിക്കാൻ സഹായകമായിട്ടുണ്ട്. എല്ലാ മേഖലകളിലും ഹൈടെക് ആയിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം മാഗസിനുകൾ കുട്ടികളുടെ സർഗ്ഗവാസനകൾക്കു പുറമെ അവരുടെ വിവര സാങ്കേതിക വിദ്യയും പരിപോഷിപ്പിക്കാൻ സഹായകമാകും എന്നതിൽ സംശയമില്ല. ഈ സന്ദർഭത്തിൽ ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

എൻ.പി. സാജിത മേനോൻ
സീനിയർ അസിസ്റ്റന്റ്
ജി.എച്ച്.എസ്.എസ്. കൊടുവള്ളി.

# ആശംസകൾ



നമ്മുടെ സ്കൂളിൽ 2019-2020 വർഷത്തിലെ ലിറ്റിൽ കൈറ്റ്സ് മാഗസിന്റെ രണ്ടാം പതിപ്പ് ഇറങ്ങുന്നതിൽ വളരെ സന്തോഷിക്കുന്നു. ഈ ലക്കം മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്

[illegible]

[illegible]

07-1-2020

# ആശംസകൾ



प्रिय छात्रों,

यह बडी खुशी की बात है कि पिछले साल की तरह इस साल भी आप लोगों ने डिजिटल मैगजिन तैयार किया है। इस पत्रिका में हम अध्यापकों और छात्रों की विविध रचनाएँ संकलित हैं। जैसे किताबों की मनमोहक दुनिया में आप लोग सक्रिय हैं; आगे भी सक्रिय रहें..... इस "सौरभ" के जरिए हमारी पाठशाला की गरिमा सारी दुनिया में फैल जाए.... इसके पीछे कार्यरत हरेक को मैं तहे दिल से तारीफ करती हूँ।

हरीता - के
एच एस टी हिन्दी
जी एच एस एस
- कोडुवल्ली।

# ആശംസകൾ



## MESSAGE

it is very happy to know that the Little Kite members of our school (GHSS KODUVALLY) is going to publish their second E-magazine 'Sourabham' in the academic year 2019-20. I hope the magazine will provide opportunities for the budding writers of our school to express their creative talents.

I congratulate the dedicated teachers and students who worked behind this great endeavour. Wish you all the best for your future endeavours

-Subaida V
English Teacher

## താളുകളിലൂടെ

ലിറ്റിൽ കൈറ്റ്സ് അവാർഡ് 2018-19......12
ലിറ്റിൽ കൈറ്റ്സ് 2019-20......13
Being a Little Kites Member......15
ജി എച്ച് എസ് എസ് കൊടുവള്ളി......20
അടൽടിങ്കറിങ്ങ് ലാബ്......26
അഭിമുഖം......28
ഗാന്ധിജിയുടെ വചനങ്ങൾ......30
നീലക്കുറിഞ്ഞിയുടെ നാട്ടിൽ ഒരിടവേള......31
Barat Scout and Guides......36
ബുദ്ധന്റെ മൊഴികൾ......37
അമ്മയെന്ന മഹാ സാഗരം......39
ലഹരി നരയുന്ന ബാല്യം......42
സ്വപ്നസാക്ഷാത്ക്കാരം......45
കിങ്ങിണി ഓർമ്മയിലൂടെ സഞ്ചരിച്ചു......46
പ്രതീക്ഷ......49
मेरी प्यारी माँ......50
റോഡ് സുരക്ഷാ ക്ലബ്......51
അമ്മ......53
दोसती......54
الشَّبَاب......56
പ്രതീക്ഷ......57
*മടക്കം*......59
میرا پیار ماں سے ہے......60
എന്തൊരു സ്നേഹം......71
ഒറ്റപ്പെട്ടിടുന്നു ഞാൻ......73
ദോശക്കല്ലിൻെറ പ്രേതബാധ......74
*വിദ്യ*......76
Veil......77
കുഞ്ഞുണ്ണിമാഷ്......78
വായിച്ചാലും വളരും വായിച്ചിലെങ്കിലും വളരും വായിച്ചു വളര്ന്നാ ൽ വിളയും വായിക്കാതെ വളര്ന്നാ ൽ വളയും......78
Journey to Thiruvananthapuram......80
സൗഹൃദ സ്നേഹം......81
സ്നേഹത്തിൻ വില......83

# ലിറ്റിൽ കൈറ്റ്സ് അവാർഡ് 2018-19




ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ മികച്ച പ്രവർത്തനത്തിനുള്ള അവാർഡ് വിദ്യാഭ്യാസ മന്ത്രി ശ്രീ.രവീന്ദ്രനാഥിൽ നിന്നും സ്വീകരിക്കുന്നു



അവാർഡ് ലഭിച്ച ലിറ്റിൽ കൈറ്റ്സ് ടീം

# ലിറ്റിൽ കൈറ്റ്സ് 2019-20



ലിറ്റിൽ കൈറ്റ്സ്-2019-21

കഴിഞ്ഞ വർഷത്തെ നമ്മുടെ ലിറ്റിൽ കൈറ്റുകൾ സംസ്ഥാനതല ലിറ്റിൽകൈറ്റ്സ് അവാർഡിലൂടെ സ്കൂളിൻെറ പേര് വാനോളമുയർത്തിയത് പ്രശംസനീയമായ കാര്യമാണ്. ലിറ്റിൽ കൈറ്റ്സുകളായ മുഹമ്മദ് സിനാൻ, സൻജിത്ത് സിനാൻ എന്നീ വിദ്യാർത്ഥികൾ എറണാകുളത്ത് സ്റ്റാർട്ടപ്പ് വില്ലേജിൽ വെച്ച് നടന്ന സംസ്ഥനതല ക്ലാസിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ചവെച്ചു.

ഗ്രൂപ്പ് വർക്കിൻെറ ഭാഗമായി ഷോർട്ട്ഫിലിം, അമ്മമാർക്ക് കമ്പ്യൂട്ടർ സാക്ഷരതാ പരിശീലനം , CWSN വിദ്യാർത്തികൾക്ക് IT പരിശീലനം, പ്രീമെട്രിക് സ്കോളർഷിപ്പ് റിന്യവൽ എന്നിവ എടുത്ത് പറയേണ്ട പ്രവർത്തനമാണ്.

സ്കൂൾ കമ്പ്യൂട്ടർ ലാബിനടുത്ത് E- Corner ഒരുക്കി അധ്യാപകർക്ക് സമ്പൂർണ്ണ അപ്ഡേഷൻ, വിദ്യാർത്ഥികൾക്ക് ഐ ടി സഹായം എന്നിവ ഒഴിവു വേളകളിൽ കുട്ടികൾ ചെയ്തു കൊടുക്കുന്നു.അമ്മമാരുടെ ശാക്തികരണത്തിൽ മൊബൈലിൽ ആപ്പ് ഇൻസ്റ്റാൾചെയ്തു കൊടുക്കൽ QR Code Scanner പരിശീലനം എന്നിവ നൽകിയത് വിദ്യാർത്ഥികളാണ്.

ബുധനാഴ്ച്ചകളിലെ റൂട്ടീൻ ക്ളാസുകൾ, സ്കൂൾതല ക്യാമ്പ്, സബ്

ജില്ലാതല ക്യാമ്പ് എന്നിവയിൽ നമ്മുടെ കുട്ടികളുടെ പങ്കാളിത്തം മികച്ചതാണ്.ജില്ലാതല ക്യാമ്പിലേക്ക്, മുഹമ്മദ്ഐസം, അഹമ്മദ് റജ്‌വാൻ എന്നീ വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടതാമ്മുടെ മികച്ച പ്രവർത്തനത്തിനെ പ്രതിഫലിക്കുന്നതാണ്.



ലിറ്റിൽ കൈറ്റ്സ് ബോർഡ്

വെക്കേഷൻ ആരംഭത്തിൽ ക്ലാസുകളിലെ പ്രൊജക്റ്റർ ക്ലീനിങ്ങും സംരക്ഷണവും സ്കൂൾ ലൈബ്രറിയിലെ ഡാറ്റ ടൈപ്പ്ചെയ്യൽ,CPTA യിൽ പ്രദർശനത്തിനുള്ള മൊബൈൽ ആപ്പുകൾ മൾട്ടിമീഡിയാ പ്രസൻെറഷൻ,വിഡിയോകൾ തയ്യാറാക്കൾ തുടങ്ങി സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളുടെയും ഡോക്യുമെൻെറഷൻ, റേഡിയോ മാംഗോ പരിപാടിയുടെ നേതൃത്വം, കുട്ടികൾക്കുള്ള ക്യാമറ പരിശീലനം നൽകൽ, തുടങ്ങിയവ കൈറ്റ് അംഗങ്ങളുടെ മികച്ച പ്രവർത്തനങ്ങളാണ്.

സബ്ജില്ലാ കലോൽസവത്തിൽ രാവും പകലും തിരിച്ചറിയാതെ നമ്മുടെ വിദ്യാർത്ഥികൾ ചെയ്ത വീഡിയോ ഷൂട്ടിങ്ങ് വിലമതിക്കാത്ത പ്രവർത്തനമായിരുന്നു. ഓണാഘോഷപരിപാടിയിൽ ഡിജിറ്റൽ പൂക്കളമൊരുക്കി നമ്മുടെ കുട്ടികൾ അധ്യാപകരുടെ മനം കവർന്നു.

അധ്യാപകദിനത്തിൻെറ ഒരു മാസം മുൻപ് തന്നെ 'ടീച്ചർക്കൊരു കത്ത്' എന്ന പരിപാടി ആരംഭിച്ചു. കുട്ടികൾ കത്തുകൾ ശേഖരിച്ച് അത് വേർതിരിച്ച് കവറിലാക്കി അധ്യാപകദിനത്തിൽ ലെറ്ററുമായി റോസാപ്പൂവുമേന്തി അധ്യാപകരുടെ സമീപത്തെത്തി ആശംസകൾ നേർന്ന് നല്കിയപ്പോൾ അധ്യാപകർക്ക അതൊരു വേറിട്ട അനുഭവമായി.

ശാസ്ത്രമേളയിലും കലാമേളയിലും നമ്മുടെ കൈറ്റുകൾ മികച്ച പ്രകടനം കാഴ്ചവെച്ചു.നടക്കാവിൽ വെച്ച് നടന്ന കേരള റോബൊട്ടിക്സ് എക്സ്പോയിൽ പങ്കെടുത്ത ഇലക്ട്രോണിക്സിൽ ചാമ്പ്യൻമാരായത് നമ്മുടെ ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികളാണ്. ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികളായ മുഹമ്മദ് സിനാൻ കേന്ദ്രഗവൺമെന്റിന്റെ ഇൻസ്പെയർ അവാർഡ് ലഭിച്ചു.

കേരള സ്റ്റാർട്ട് അപ് മിഷന്റെ YIP പ്രോഗ്രാമിൽ പങ്കെടുത്തത് കൈറ്റുകളായ മുഹമ്മദ് സിനാൻ, ,സൻജിത്ത് സിനാൻ എന്നിവരാണ്. Maker mind 2K19 റോബോട്ടിക്സ് എക്സ്പ്പോയിൽ പങ്കെടുത്തവരും കൈറ്റുകൾ തന്നെയാണ്. ഇതിൽ സൻജിത്ത് സിനാന് ദേശീയതല FLL മൽസരത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. ഐ ഐ ടി ബോംബെയിൽ വെച്ചു നടന്ന റോബോട്ടിക്സ് എക്സ്പോയിൽ നമ്മുടെ കൈറ്റ് അംഗമായ ദിയ ഫാത്തിമ പങ്കെടുത്തു.

# Being a Little Kites Member

I joined GHSS Koduvally in 8th standard. I loved IT. So I joined The Kuttikootam which was the name of IT club then. I was in the animation group. It was fun animating in Tupi. Tupi was the basic animation software. I learned the concept of animation from Tupi. I created many Tupi animations. It was a time full of happiness.



*Sanjith receive the certificate from AEO for his partcipation as a videographer in sub dist kalolsavam*

The important fact is that IT is all about logic, problem solving and critical thinking. You're not reading a book or writing an essay. It's way beyond ordinary, It's something that can't be expressed in words.

One year passed and I learned many innovative things from Kuttikoottam. The next year the club became Little Kites. But the things we did weren't little. It was the basic step to professionalism.
I learned new methods&ideas of animation. But the game changed when I got into programming as part of the sub-district camp.

Programming was more interesting than animation and didn't require much designing skills which I lacked. Although it was

hard saying goodbye to my animation partner Sinan and to the good old days when we animated and learned together. I built many applications as well as games in MIT app inventor and Scratch 2 respectively. The programming was all about logic.

I got selected to the district camp in programming which was a whole new level. In the district level I was studying Raspberry Pi. I studied coding and programming in Raspberry. I made many projects based on IOT (Internet Of Things) in Raspberry Pi. I didn't hope that I would get selection to the State camp. But eventually my skills didn't betray me and It was the best experience I've ever had in the IT world. Everything was wonderful. The normal classes, Time spend with my partner Sinan and my teachers Banu ma'am and Reesha ma'am, Camps, Assignments, Group works, DSLR Training, Achievements... everything is a delightful memory to me.



*Sanjith sinan and shahabas with NIT professors during YIP programme conducted by K-DISC*

Little Kites is more just a club to me, It's my family. Those memorable days in my life can never be replaced. We became the third best school in the district and was honoured at thiruvananthapuram. All these memories make me who I am. They are fragments of my life that I will carry on forever. LK made me a programmer. Which makes me different from others and which turned out to be my best skill. It was hard saying goodbye to my techie days. I felt like a part of me being torn away from me. Even now that space remains. I still miss those days.

All achievements of GHSS Koduvally under Little Kites are the result of the hard work of our Kite masters, Firdous Banu ma'am and Reesha ma'am. They inspired and motivated us in all programs. They taught us more than just IT, they taught us how to be a better person in the society. They answered other teachers for all our naughty silly mistakes and some deliberate mischiefs. They would work harder than every other teachers and moulded a better student from an ordinary student. I knew very less things about IT when joined this club. But they cleared all my doubts and taught me a lot of new things. Their support and motivation was my fuel to reach to the LK state camp. All their work has made us something new. The change they made in my life cannot be paid back. I owe them a great debt. Thank you teachers, For turning me into a better student, a good programmer and an understanding human being and thank you for being the best teachers in the world.



As I look back I have lots of memories. Working with my partner Sinan is one of the best. Little Kites gifted me the best things in my life. The LK state camp is the biggest achievement of my life. It proved to me that I am something. The modules of LK club are the best base to technology. It is a gateway to the future. Every camps, Every works and Every fails was a step to something inevitable. If someone asked me which is the best club in the world, I would proudly say "Little Kites". LK teaches more than just ordinary, It teaches the language of technology, Without which you can't go ahead in this world of technology. And this makes Little Kites the best club in the world. Little Kites is the best thing that has ever happened to me in my life and I am proud to be a member of this great club

-Sanjith Sinan KP
X-E
Little Kites Member

# ലിറ്റിൽ കൈറ്റ്സ്-2019-20:-- പ്രവർത്തനങ്ങളിലൂടെ



റൂട്ടീൻ ക്ലാസ്



പ്രിലിമിനറിക്യാമ്പ് ഉദ്ഘാടനം എച്ച്.എം നിർവഹിക്കുന്നു



കൈറ്റുകൾ ഇ മാഗസിൻ പണിപ്പുരയിൽ



സീനിയേഴ്സ് ക്യാമറാപരിശീലനം നടത്തുന്നു



സബ് ഡിസ്ട്രിക്റ്റ് കലോൽസവരാത്രിയിൽ കൈറ്റുകൾ
വീഡിയോഗ്രാഫി ചെയ്യുന്നു




സ്കൂൾ റേഡിയോയിൽ കവിതാലാപനം



എച്ച്.എം ഐഡി കാർഡ് അണിയിക്കുന്നു



കൈറ്റുകൾ ടീച്ചേഴ്സിനുള്ള കത്തുകളുമായി



കൈറ്റുകൾ അമ്മമാരെ പരിശീലിപ്പിക്കുന്നു



എച്ച്.എം ന് കത്തുകൾ നൽകുന്നു



എച്ച്.എംഇ കോർണർ ഉദ്ഘാടനം ചെയ്യുന്നു



അമ്മമാർക്ക് മൊബൈൽ ആപ്പുകൾ ഇൻസ്റ്റാൾ ചെയ്തു കൊടുക്കുന്നു



സബ് ജില്ലാ തല ക്യാമ്പ്



CWSN പരിശീലനം

# ജി എച്ച് എസ് എസ് കൊടുവള്ളി

## 2019–20



ജി .എച്ച് .എസ്. എസ് . കൊടുവള്ളി മികച്ച പ്രകടനങ്ങൾ കാഴ്ച്ചവെക്കുകയും സാക്ഷിയാവുകയും ചെയ്ത ഒരു വർഷമാണ് 2019–20 . മറ്റു സ്കൂളുകളിൽ നിന്ന് വ്യത്യസ്തമായ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഒട്ടേറെ മികച്ച പ്രകടനം കാഴ്ച്ചവെക്കാനും സ്കൂളിന് കഴിഞ്ഞു .

ലിറ്റിൽ കൈറ്റ്സിൻെറ സംസ്ഥാനതലം ലിറ്റിൽ കൈറ്റ്സ് അവാർഡ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി രവീന്ദ്രനാഥിൽ നിന്നും സ്വീകരിക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ് . ലിറ്റിൽ കൈറ്റ്സ് സംസ്ഥാന തലത്തിൽ രണ്ട് വ്ദ്യാർത്ഥികളെ പങ്കെടുപ്പിച്ചു . കേന്ദ്രഗവൺമെൻറിൻെറ . ഇൻസ്പെയർ അവാർഡ് (10000 രൂപ ക്യാഷ് അവാർഡ് ) മുഹമ്മദ് സിനാൻ , സാബിത്ത് ബിൻ കബീർ , സിയ എന്നീ മൂന്ന് വിദ്യാർത്ഥികൾക്ക് ലഭിച്ചു . നടക്കാവ് ഗേൾസ് ഹയർ സെക്കൻററി സ്കൂളിൽ വെച്ച് നടന്ന കേരള റോബോട്ടിക്സ് എക്സപോയിൽ ഇലക്ട്രോണിക്സ വിഭാഗത്തിൽ സ്കൂൾ ടീം ചാമ്പ്യൻമാരായി . കാലിക്കറ്റ് ഗേൾസ് ഹയർ സെക്കൻററി സ്കൂളിൽ വെച്ച് സംസ്ഥാന തല maker mind 2k19 സ്കൂൾ ടീം പങ്കെടുത്തു. സ്കൂളിലെ സഞ്ചിത്ത് സിനാൻ എന്ന വിദ്യാർത്ഥി എറണാകുളത്ത് വെച്ച് നടക്കുന്ന ദേശീയ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ അവസരം നേടി . സോംബെ ഐ ഐ ടി യുടെ കീഴിൽ നടന്ന റോബോട്ടിക്സ് ചാമ്പ്യൻഷിപ്പിൽ ദിയ ഫാത്തിമ എന്ന വിദ്യാർത്തി പങ്കെടുത്തു .

സംസ്ഥാന തല കലോൽസവത്തിൽ അതുൽ എന്ന വിദ്യാർത്ഥി മലയാളം പദ്യം ചൊല്ലിൽ പങ്കെടുത്തു . കേരളസ്റ്റാർട്ട് അപ് മിഷ്യന്റെ NIT കോഴിക്കോട് വെച്ച് നടന്ന ജില്ലാ തല യങ് ഇന്നവേറ്റേഴ്സ് പ്രാഗ്രാമിൽ പങ്കെടുക്കുകയും സംസ്ഥാന തലത്തിൽ പങ്കെടുക്കാൻ

അവസരം ലഭിക്കുകയും ചെയ്തു

സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഗൈഡ്സ് എന്നിവക്ക് അംഗീകാരം ലഭിച്ചത് സ്കൂളിന്റെ ഈ വർഷത്തെ മികച്ച നേട്ടങ്ങളിലൊന്നാണ്. കൊടുവള്ളി സബ്ജില്ലാ സ്കൂൾ കലോത്സവ വിദ്യാരംഗം കലോത്സവം , JRC ക്യാമ്പ് , ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് എന്നിവയൊക്കെ ഈ വർഷം കൊടുവള്ളിയിൽ വെച്ച് നടന്നത് കൊടുവള്ളിക്കാർക്കൊരു അഭിമാനമായി . വിദ്യാർത്ഥികൾക്ക് നടത്തുന്ന സ്പീച്ച് തെറാപ്പിക്കുള്ള കേന്ദ്രമായി കൊടുവള്ളിയിൽ തെരഞ്ഞെടുക്കപ്പെട്ടു .



ഭൗതിക സാഹചര്യങ്ങളിലേക്ക് നോക്കുമ്പോൾ, യു.പി യിൽ ഹൈടെക് ക്ലാസ് റൂമുകൾ ഹൈടെക് ലൈബ്രറി ഹയർ സെക്കന്ററിയിൽ ഹൈടെക് ഓഡിറ്റോറിയം, മികച്ച നിലവാരത്തിലുള്ള സ്റ്റേജ്, മികച്ച വാട്ടർ ഫിൽറ്റർ യൂണിറ്റുകൾ , കാന്റീൻ , ഭക്ഷണ പാചക ശാല തുടങ്ങിയവ ഈ വർഷത്തെ നമ്മുടെ നേട്ടമാണ്.ഇതിൽ നമ്മുടെ പൂർവ്വ വിദ്യാർത്ഥികളുടെ സംഭാവന നമുക്ക് സഹായകമായിട്ടുണ്ട് . ഇവരുടെ സഹായത്തോടെ നമ്മുടെ ലൈബ്രറിയുടെ നവീകരണം നടന്നുകൊണ്ടിരിക്കുന്നു.

സബ് ജില്ലാ ശാസ്ത്രമേളയിൽ നമുക്ക് സെക്കൻറ് ഓവറോൾ ലഭിച്ചു.സബ് ജില്ലാ കലാമേളയിലും പങ്കെടുത്ത എല്ലാ ഇനത്തിനും A GRADE നേടാൻ നമുക്ക് കഴിഞ്ഞു.     സബ് ജില്ലാ കായികമേളയിൽ നമ്മുടെ വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ചവച്ചു . ഈ വർഷത്തെ ലിറ്റിൽ കൈറ്റ്സ് ജില്ലാതല ക്യാമ്പിലേക്ക് നമ്മുടെ രണ്ടു വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടു .

സംസ്ഥാന സർക്കാറിന്റെ നിർദ്ദേശപ്രകാരം പ്രതിഭകൾക്കൊപ്പം പാഠം ഒന്ന് പാടത്തേക്ക് ,ഡിജിറ്റൽപൂക്കളം , ശ്രദ്ധ , അമ്മമാരുടെ ഹൈടെക് ശാക്തീകരണം , സ്കൂൾ സുരക്ഷ സ്പെഷൽ PTA , നൈതികം , തുടങ്ങിയവ മികച്ചരീതിയിൽ നടന്നു . പ്രീമെട്രിക് സ്കോളർഷിപ് റിന്യൂവൽ ചെയ്യേണ്ട 260 വിദ്യാർത്ഥികൾക്ക് നമ്മുടെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഓൺലൈനിൽ റിന്യൂവൽ ചെയ്ത് കൊടുത്തത് രക്ഷിതാക്കൾക്ക് ഒരു ആശ്വാസമായി . അഞ്ചാം ക്ലാസ്സിലെ അക്കാദമിക കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ലൈറ്റ് നിങ്ങ് ക്ലസിന്റെ കീഴിൽ ഒരു മാസത്തെ പ്രത്യേക ട്രെയിനിങ്ങ് നടത്തി .



സബ് ജില്ലാ കായികമേളയിൽ നമ്മുടെ വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ചവച്ചു . ഈ വർഷത്തെ ലിറ്റിൽ കൈറ്റ്സ് ജില്ലാതല ക്യാമ്പിലേക്ക് നമ്മുടെ രണ്ടു വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടു .

സംസ്ഥാന സർക്കാറിന്റെ നിർദ്ദേശപ്രകാരം പ്രതിഭകൾക്കൊപ്പം പാഠം ഒന്ന് പാടത്തേക്ക് ,ഡിജിറ്റൽപൂക്കളം , ശ്രദ്ധ , അമ്മമാരുടെ ഹൈടെക് ശാക്തീകരണം , സ്കൂൾ സുരക്ഷ സ്പെഷൽ PTA , നൈതികം , തുടങ്ങിയവ മികച്ചരീതിയിൽ നടന്നു . പ്രീമെട്രിക് സ്കോളർഷിപ് റിന്യൂവൽ ചെയ്യേണ്ട 260 വിദ്യാർത്ഥികൾക്ക് നമ്മുടെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഓൺലൈനിൽ റിന്യൂവൽ ചെയ്ത് കൊടുത്തത് രക്ഷിതാക്കൾക്ക് ഒരു ആശ്വാസമായി . അഞ്ചാം ക്ലാസ്സിലെ അക്കാദമിക കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ലൈറ്റ്നിങ്ങ് ക്ലസിന്റെ കീഴിൽ ഒരു മാസത്തെ പ്രത്യേക ട്രെയിനിങ്ങ് നടത്തി .NMMS, USS വിദ്യാർത്ഥികൾക്ക് എല്ലാ വൈകുന്നേരങ്ങളിലും അവധി ദിനങ്ങളിലും ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ പരിശീലനം നൽകുന്നത് നമ്മുടെ ഒരു മികവാണ്. നമ്മുടെ 8ാം ക്ലാസിലെ ടാലന്റ് ക്ലബ്ബിലെ വിദ്യാർത്ഥികൾക്ക് സിജിയുടെ നേതൃത്വത്തിൽ എല്ലാ അവധി ദിനങ്ങളിലും മോട്ടിവേഷൻ വെക്തിത്വ വികസന ക്ലാസും നൽകിവരുന്നു.

കരുവൻപൊയിൽ വെച്ച നടന്ന ഗണിതോൽസവത്തിലും ,

മാനിപുരം സ്കൂളിൽ വെച്ചു നടന്ന ശാസ്ത്രരംഗമൽസരത്തിലും നമ്മുടെ വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ചവെച്ചു . സ്കൂളിന് പുറത്തു നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും കണ്ടറിഞ്ഞ് നമ്മുടെ കുട്ടികളെ പങ്കെടുപ്പികാൻ പരമാവധി ശ്രമിക്കുക എന്നത് ഞങ്ങളുടെ ഒരു നേട്ടമാണ് .

വിവിധ ക്ലബ്ബുകളുടെ കീഴിൽ ദിനാചരണങ്ങൾ, വിവിധപ്രവർത്തനങ്ങൾ, എന്നിവ സ്ഥിരമായി നടത്തുന്നു.

വിജയോൽസവം പ്രവർത്തനത്തിന്റെ ഭാഗമായി മോണിങ് ക്ലാസുകൾ ,ഈവനിങ്ങ് ക്ലാസുകൾ,കൗൺസിലിങ്ങ് ക്ലാസുകൾ,ഹെൽപ് ഡെസ്ക്,മിഡ്ടെം സീരീസ് പരീക്ഷകൾ,എല്ലാ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം,ഗ്രഹസന്ദർശനം ,വിദ്യാർത്ഥികളെ ദത്തെടുക്കൽ എന്നിവക്ക് പുറമെ A+ വിദ്യാർത്ഥികൾക്ക് എല്ലാ വെള്ളിയാഴ്ചകളിൽ വിദഗ്ധരുടെ നൈറ്റ് ക്യാമ്പ് ,A+വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം എന്നിവ എടുത്ത് പറയേണ്ട ഒന്നാണ്



കഴിഞ്ഞ വർഷത്തെ SSLC പരീക്ഷയിൽ നമുക്ക് ഗ്രേസ്മാർക്കൊന്നുമില്ലാതെ 8 full A+, 9 9A+ ലഭിച്ച് ശ്രദ്ധേയമായ ഒരുകാര്യമാണ് .മൂന്ന് വിദ്യാർത്ഥികൾക്ക് USS ഉം ലഭിച്ചു

കേരളമൊന്നാകെ വെള്ളപ്പൊക്കത്തിൽ മുങ്ങിയപ്പോൾ നമ്മുടെ സ്കൂൾ അവർക്കൊരു കൈത്താങ്ങായി.തിരുവമ്പാടിയിലെ പ്രളയത്തിൽപെട്ട ജനങ്ങൾക്ക് ഒരു ലക്ഷം വിലമതിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ പാക്കറ്റുകളാക്കി തഹസിൽദാരുടെ നേതൃത്വത്തിൽ അവരുടെ ക്യാമ്പുകളിൽ എത്തിച്ചു കൊടുത്തു.

ഈ പ്രവർത്തനങ്ങൾ മുൻപന്തിയിൽ നിന്ന നമ്മുടെ ബഹുമാനപെട്ട പി.ടി.എ പ്രസിഡന്റ് മുഹമ്മദ് കുണ്ടുങ്ങരക്കും ഹെഡ്മാസ്റ്റർ അബ്ദു സമദ് സാറിനും പ്രത്യേകം നന്ദി പറയേണ്ടതുണ്ട്. നമ്മുടെ ബഹുമാനപെട്ട എം എൽ എ ശ്രീ. കാരാട്ട് റസാഖും മുൻസിപ്പാലിറ്റി ചെയർപേഴ്സൺ ഷരീഫ കണ്ണാടിപ്പോയിൽ,വൈസ് ചെയർമാൻ മജീദ് മാസ്റ്റർ , മറ്റ് കൗൺസിലർമാർ,പിടിഎ ,അദ്ധ്യാപകർ,നമ്മുടെ പ്രിയപ്പെട്ട വിദ്യാർത്ഥികൾ ,പൂർവ്വ വിദ്യാർത്ഥികൾ , നാട്ടുകാർ എന്നിവരെല്ലാം ഒത്തൊരുമയോടെ സഹകരിച്ചതുകൊണ്ടാണ് സ്കൂളിന് മികച്ച നേട്ടങ്ങൾ കരസ്ഥമാക്കാൻ കഴിയുന്നത്. നമ്മുടെ ഈ കൂട്ടായ്മ ഇനിയുള്ള വർഷങ്ങളിലുമുണ്ടാകട്ടെയെന്ന് നമുക്ക് പ്രതീക്ഷിക്കാം.

# സ്കൂൾ 2019-20----

## നേട്ടങ്ങൾ,പ്രവർത്തനങ്ങൾ



എസ് എസ് എൽ സി മികച്ച നേട്ടം



കേരള റോബോട്ടിക്സ് എക്സ്പോ ചാമ്പ്യൻഷിപ്പ്




കേന്ദ്ര ഗവൺമെൻറ് ഇൻസ്പെയർ അവാർഡ്



സബ്ജില്ലയിൽ ഏറ്റവും മികച്ച ശ്സ്ത്ര വിദ്യാലയം



സബ്ജില്ലാശാസ്ത്ര മേളയിൽ സെക്കൻറ് ഓവറോൾ



മേക്കർ മൈൻഡ്-2k19 സംസ്ഥാന തലം



ഹൈ മാസ്റ്റ് ലൈറ്റ്-ഉദ്ഘാടനം



യു പി ഐ ടെക് കമ്പ്യൂട്ടർ ലാബ് -ഉദ്ഘാടനം




ദുരിതാശ്വാസ സഹായം തഹസിൽദാർ ഫ്ളാഗ് ഓഫ് ചെയ്യുന്നു



സഹായവുമായി തിരുവമ്പാടി ദുരിതാശ്വാസക്യാമ്പിൽ



പാസ്‌വേഡ്-ന്യൂനപക്ഷ വിഭാഗം വിദ്യാർഥികൾക്കുള്ള ക്ലാസ്
എം എൽ എ ഉദ്ഘാടനം




സബ്ജില്ലാ വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം



പ്രതിഭകൾക്കൊപ്പം- പരിപാടി



അമ്മമാർക്കുള്ള ഹൈടെക് ശാക്തീകരണം-ക്ലാസ്
അധ്യാപകർക്കുള്ള പരിശീലനം



ഏഡ് ഫെസ്റ്റ്



സബ്ജില്ലാതല ചാമ്പ്യൻമാരായ ഖൊ ഖൊ ടീം

# അടൽടിങ്കറിങ്ങ് ലാബ്

കേന്ദ്രഗവൺമെൻറിൻെറ നീതിഅയോഗിൻെറ കീഴിൽ നമ്മുടെ സ്കൂളിന് ലഭിച്ച ഇലക്ട്രോണിക്സ് റോബോട്ടിക്സ് ലാബ് പ്രവർത്തനം തുടങ്ങിയിട്ട് ഇപ്പോൾ ഒരു വർഷം കഴിഞ്ഞു. ഈ ഒരു വർഷം കൊണ്ട് ഒട്ടേറെ പ്രതിഭകളെ നമുക്ക് വാർത്തെടുക്കാൻ കഴിഞ്ഞു.




വിദഗ്ദ്ധരായ ട്രയിനർമാരുടെ കീഴിൽ പരിശീലനം ലഭിക്കുന്ന വിദ്യാർത്ഥികൾ റോബോട്ടിക്സിലും ഇലക്ട്രോണിക്സിലും ത്രീഡിപ്രിൻറിങ്ങിലും മികച്ച പ്രകടനം കാഴ്ച വെച്ച് സ്കൂളിൻറെ അഭിമാനതാരങ്ങളായികൊണ്ടിരിക്കുകയാണ്.

കേന്ദ്രഗവൺമെൻറിൻറെ ഇൻസ്പെയർ അവാർഡ് നമ്മുടെ മൂന്ന് വിദ്യാർത്ഥികൾക്ക് ലഭിച്ചു. ഓട്ടോമറ്റിക്ക് ഡിസ്പ്ലേ ബോഡ്,ഡെൻസിറ്റി ബെസ്റ്റ് ട്രാഫിക്ക് സിസ്റ്റം ഓട്ടോമെറ്റിക് ബെൽ സിസ്റ്റം എന്നിവയായിരുന്ന അവരുടെ പ്രോജക്റ്റുകൾ . കാലികറ്റ് ഗേൾസ് സ്കൂളിൽ വെച്ച് നടന്ന മേക്കർ മൈൻസ് 2019-സംസ്ഥാന തലമൽസരത്തിൽ നമ്മുടെ കുട്ടികൾ പങ്കെടുത്തു. ഒരാൾക്ക് ദേശിയ FLL ചാമ്പ്യൻഷിപിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു.


മേക്കർ മൈൻഡ് 2k19 ടിം

നടക്കാവ് സ്കൂളിൽ വെച്ച് നടന്ന റോബോട്ടിക്സ എക്സ്പോയിൽ ഇലക്ട്രോണിക്സ വിഭാഗത്തിൽ നമ്മുടെ ടീം ചാമ്പ്യൻമാരായി, കേരള സ്റ്റാർട്ട് ആപ്പ് മിഷൻറെ ജില്ലാതല യങ് ഇന്നവേഴ്സ പ്രോഗ്രാമിൽ കാലിക്കറ്റ് NII യിൽ വെച്ച് പങ്കെടുത്ത് കുട്ടികൾ സ്റ്റേറ്റ് തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതും. നമ്മുടെ ലാബിലെ മികച്ച പരഷീലനം കൊണ്ടാണ് ലാബിൽ ലഭിച്ച മികവുറ്റ വിദ്യാർത്ഥികളായ സൻജിത്ത് സിനാനം, മുഹമ്മദ് സിനാൻ എന്നവർക്ക് ഇലക്ട്രോണിക്സിൽ പല പ്രോജക്റ്റുളും 3D Print ങ്ങ്ന് പല മോഡലുകളും ലാബിൽ കുട്ടികൾ തയ്യാറാക്കി കോണ്ടിരിക്കുന്നു. നമ്മുടെ അയൽപക്ക സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികൾ സ്കൂൾ സന്ദർശിക്കാറുണ്ട്. സ്കൂളിൻറെ ഉയർച്ചയിൽ മറ്റു വിദ്യാലയത്തിൽ നിന്നും വേറിട്ട സ്ഥാനമാണ് അടൽടിങ്കറിങ്ങ് ലാബിനുള്ളത്

# അടൽടിങ്കറിങ്ങ് ലാബ്-പ്രവർത്തനങ്ങളിലൂടെ....................



വിദ്യാർത്ഥികൾ ട്രയിനർ റിയാസിനോടൊപ്പം



വിദ്യാർത്ഥികൾ ട്രയിനർ ശ്രീലിഷക്കൊപ്പം




കേരള റോബോട്ടിക്സ് എക്സ്പോ ടീം



യു പി    വിദ്യാർത്ഥികൾ ട്രയിനിങ്ങിൽ



മേക്കർ മൈൻഡ് 2k19 യു പി ടീം



ത്രി ടി പ്രിന്ററിൽ തയ്യാറാക്കിയ മോഡുകൾ



# അഭിമുഖം



*കൊടുവള്ളി ഗവ.ഹയ്യർസെക്കന്ററി സ്കൂളിലെ കായികാധ്യാപകനും ദേശീയ വോളിബോൾകോച്ചുമായ മുസ്തഫസാറുമായി വിദ്യാർഥികളുടെ അഭിമുഖം*

ഞങ്ങൾ കുട്ടികൾക്ക് ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ട വിഷയമാണ് pet. pet ടീച്ചറായാൽ കുട്ടികൾക്കെല്ലാം ഇഷ്ടപ്പെട്ട ടീച്ചറാകാമെന്നാണ് ഞങ്ങൾ കരുതുന്നത്. അതിനാൽ സാറിന്റെ കുറച്ച് വിവരങ്ങൾ അറിയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ചോദ്യം.സാറിന്റെ പൂർണമായ പേരെന്താണ്.?

ഉത്തരം:മുസ്തഫ കെ.കെ

ചോദ്യം.എവിടെയാണ് വീട്.?

ഉത്തരം:കട്ടമ്പൂർ,നരിക്കുനി

ചോദ്യംസർ pet ടീച്ചറായി എത്ര വർഷം പഠിപ്പിച്ചിട്ടുണ്ട്?

ഉത്തരം:26 വർഷം

.ചോദ്യംസാറിന് ഏറ്റവും ഇഷ്ടപ്പെട്ട കളി ഏതാണ്.?

ഉത്തരം:വോളിബോൾ

ചോദ്യം.സാർ സംസ്ഥാന തലത്തിലും ദേശീയതലത്തിലും പല പരുപാടികളിലും പങ്കെടുത്തതായി കേട്ടിട്ടുണ്ട് അതിനെ പറ്റി ഒന്ന് പറയാമോ.?

ഉത്തരം:"കളിക്കാരൻ എന്ന നിലയ്ക്ക് സ്റ്റേറ്റിനു വേണ്ടി കളിച്ചിട്ടുണ്ട്,റഫറി എന്ന നിലയ്ക്ക്

സ്റ്റേറ്റിനും ദേശിയ തലത്തിനും വേണ്ടി കളിച്ചിട്ടുണ്ട്.”
ചോദ്യം.കുട്ടികാലത്ത് സ്പോർട്ടസിനോട് താൽപ്പര്യം ഉണ്ടായിരുന്നോ.?
ഉത്തരം:ഉണ്ടായിരുന്നു.
ചോദ്യം.ആരാണ് സ്പോർട്ടസിലേക്ക് പ്രചോദനം നൽകിയത് .?
ഉത്തരം:ക്ലബ്ബായിരുന്നു പ്രചോദനം നൽകിയത്.
ചോദ്യം.സർ,സ്പോർട്ട്സ് ടീച്ചറാകാൻ എന്തെല്ലാമാണ് പഠിച്ചത്.?
ഉത്തരം:ഓട്ടം,ചാട്ടം,മറ്റുള്ള കായിക പരിശീലനങ്ങളും
ചോദ്യം.സാറിന് പല അവാർഡുകൾ ലഭിച്ചിട്ടുണ്ടാകുമല്ലോ ഏതെല്ലാമാണ് ലഭിച്ചത്.?
ഉത്തരം:ജൂനിയർ വേൾഡ് ചാമ്പ്യൻഷിപ്പ് അവാർഡ്-2009 പൂനെ,റെഫറി
അവാർഡുകൾ ലഭിച്ചിട്ടുണ്ട്.
ചോദ്യം.സർ എവിടെയെല്ലാം ജോലി ചെയ്തിട്ടുണ്ട്.?
ഉത്തരം:പാറക്കടവ്-മലപ്പുറം,കൊടുവള്ളി, സ്കൂളുകളിലെല്ലാം ജോലി ചെയ്തിട്ടുണ്ട്.
ചോദ്യം.സർ നല്ലൊരു കോച്ചാണെന്ന് ഞങ്ങൾക്കറിയാം.സ്കൂളിന് പുറത്ത് സർ
എവിടെയെല്ലാം കോച്ചായി പ്രവർത്തിച്ചിട്ടുണ്ട്.?
ഉത്തരം:കുട്ടമ്പൂർ ,തോറോത്താഴി.
ചോദ്യം.വോളിബോളാണ് സാറിന്റെ മേഖല. വോളിബോൾ ഇഷ്ടപ്പെടാൻ
കാരണമെന്ത്.?
ഉത്തരം:പ്രൈമറി ക്ലാസിലെ നാരായണി അധ്യാപികയും,
നാട്ടിലുള്ള അബു എന്ന ആളുടേയും പിന്തുണ കാരണമായിയാണ്
വോളിബോൾ ഇഷ്ട്പ്പെട്ടത്.
ചോദ്യം.സാറിന്റെ ഔദ്യോഗിക ജീവിതത്തിൽ ഏറ്റവും അഭിമാനവും, സന്തോഷവും
നൽകിയ നിമിഷമേതാണ്?
ഉത്തരം:നാഷണൽ മത്സരത്തിന് തന്റെ ശിഷ്യനായ ശോഭിൻ എന്ന
വിദ്യാർത്ഥിപങ്കെടുത്തു.അതിനാൽ തനിക്കി വളരെയധികം സന്തോഷമുണ്ടായിരുന്നു.
ചോദ്യം.സാറിന്റെഏറ്റവും അന്തിമമായ ലക്ഷ്യം ഏത്.?
ഉത്തരം :കുട്ടികൾക്ക് ഇഷ്ടപ്പെട്ട നല്ലൊരു അധ്യാപകനാവാനാണ് ആഗ്രഹം.
ചോദ്യം.സാറിന്റെ കുടുംബത്തെ കുറിച്ച് പറയാമോ.?ആരെങ്കിലും സ്പോർട്ട്സ്
മേഖലയിലേക്ക് വന്നിട്ടുണ്ടോ.?
ഉത്തരം:ഭാര്യയും മൂന്ന് പെൺകുട്ടികളും ഉണ്ട്.പ്രൈമറി
ക്ലാസ്സുകളിൽ തന്റെ കുട്ടികൾ സ്പോർട്ട്സിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു.
ചോദ്യം:ഞങ്ങൾ വിദ്യാർത്ഥികളോട് സാറിന് എന്താണ് പറയാനുള്ളത്.?
ഉത്തരം:”ഈ സമൂഹക്കാലഘട്ടത്തിൽ മനുഷ്യരുടെ കായികക്ഷമത

കുറഞ്ഞുവരുകയാണ് . അതുകൊണ്ടു തന്നെ നിത്യ ജീവിതത്തിലെ ഒരു അര മണിക്കൂർ വ്യായാമത്തിന് വേണ്ടി മാറ്റിവെക്കുക.അത് ഓട്ടം ,ചാട്ടം, നീന്തൽ, നിങ്ങൾക്ക് കഴിയാവുന്ന ഏതെങ്കിലും തരത്തിലുള്ള വ്യായാമത്തിൽ ഏർപ്പെടുക.വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കു."

ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും ഇത്രയും ഉന്നതിയിലെത്തിയ സാറിന്റെ കീഴിൽ പഠിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ വിദ്യാർത്ഥികൾക്ക് വളരെയധികം സന്തോഷമുണ്ട്.സാറിന് ഇനിയും ഉയരങ്ങളിൽ എത്താൻ കഴിയട്ടെ എന്ന് ഞങ്ങൾ ആശംസകൾ നേരുന്നു.

## ഗാന്ധിജിയുടെ വചനങ്ങൾ

*1.ആദ്യം നിങ്ങളെ അവർ അവഗണിക്കും,പിന്നെ പരിഹസിക്കും,പിന്നെ പുഛിക്കും, പിന്നെ ആക്രമിക്കും എന്നിട്ടായിരിക്കും നിങ്ങളുടെ വിജയം*

*2.പാപത്തെ വെറുക്കുക പാപിയെ സ്നേഹിക്കുക.*

*3.നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാവുന്നു.ചിന്തകൾ വാക്കുകളും, വാക്കുകൾ പ്രവർത്തികളും, പ്രവർത്തികൾ മൂല്യങ്ങളുമാവുന്നു. നിങ്ങളുടെ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാവുന്നത്.*

## നീലക്കുറിഞ്ഞിയുടെ നാട്ടിൽ ഒരിടവേള......

ഏകദേശം ഒരു 9.00 ആയിക്കാണും ഞങ്ങൾ സ്കൂളിൽ നിന്നും പുറപ്പെടുമ്പോൾ. എനിക്കും എന്റെ ചില കൂട്ടുകാർക്കും ഒരേ സീറ്റിൽ ഇരിക്കാനുള്ള ഭാഗ്യം ഉണ്ടായി. എനിക്ക് സൈഡ് സീറ്റ് തന്നെ കിട്ടി. അങ്ങനെ ഞങ്ങളുടെ പഠനയാത്ര ആരംഭിക്കുകയാണ്. എല്ലാവരോടും യാത്ര പറഞ്ഞ് ഞങ്ങൾ യാത്ര ആരംഭിച്ചു. മൂന്നാർ,വാഗമൺ പ്രദേശങ്ങളിലേക്കായിരുന്നു ഞങ്ങളുടെ അതിമനോഹരമായ യാത്ര.ബസ്സിൽ നിന്നും എല്ലാവരും നൃത്തം ചെയ്തു. എന്തിനു പറയണം അദ്ധ്യാപകർ പോലും സംഗീതത്തിന്റെ സ്വരമാധുരിയിൽ ലയിച്ചു ചേർന്ന് നൃത്തം ചെയ്യാൻ തുടങ്ങി. ഒരു 12:30 ആയപ്പോൾ എല്ലാവരും തനിക്ക് നിയമിച്ച സീറ്റുകളിൽ കയറി ഇരുന്നു.ഞങ്ങൾ മധുര രാജ എന്ന സിനിമ കണ്ടു. ശേഷം നിലാവുള്ള ആ രാത്രിയിലൂടെ തണുപ്പുനിറഞ്ഞ മാരുതൻ ചിലരെയൊക്കെ ഉറക്കി. ഒരു അമ്മ കുഞ്ഞിനെ തൊട്ടിലിലാട്ടി താരാട്ടു പാടിയുറക്കും പോലെയായിരുന്നു ആ യാത്രയിൽ ഓരോ കുട്ടിയും ഉറങ്ങിയിരുന്നത്. നിലാവിന്റെ ശിഖരങ്ങളിലൂടെ കൊച്ചു കൊച്ചു സന്തോഷങ്ങൾ പകർന്നുകൊണ്ട് പ്രകൃതിയങ്ങനെ കടന്നു പോയി.



4:30 ആയപ്പോൾ ഞങ്ങൾ ഒരു ലോഡ്ജിലെത്തി.ആൺകുട്ടികളെ ഒരു ബ്ലോക്കിലും പെൺകുട്ടികളെ മറ്റൊരു ബ്ലോക്കിലുമായാണ് നിയമിച്ചത്. മൂന്ന് ബസ്സുകളിലായുണ്ടായിരുന്ന ഞങ്ങൾ പെൺപടകളെ പത്ത് ആയി തിരിച്ച് ഓരോ റൂമുകൾ തന്നു. ആ റൂമിലെ ഓരോ ജലകണികകളും ശരീരത്തിൽ പതിക്കുമ്പോൾ എല്ലുകോച്ചുന്ന

തണുപ്പുണ്ടായിരുന്നു.അവിടെ നിന്നും വസ്ത്രം മാറ്റി. ഞങ്ങൾക്കായി ഒരുക്കിവച്ച പ്രഭാതഭക്ഷണം കഴിച്ചു. നമ്മുടെ കോഴിക്കോട് വിട്ടു കഴിഞ്ഞാൽ ഭക്ഷണത്തിന്റെ രുചിയാകെ മാറിമറയും.രുചിയുടെ നിലവറയാണ് ശരിക്കും നമ്മുടെ കോഴിക്കോട്. 5:30 ആയതോടുകൂടി ഇരവികുളം നാഷണൽ പാർക്കിലേക്ക് യാത്ര തിരിച്ചു. അവിടേക്ക് പോകും വഴിയുള്ള കുളിർമയേകുന്ന കാഴ്ചകൾ  എന്റെ കണ്ണുകളിലേക്ക് ഒരു അത്ഭുത ലോകം തന്നെ തുറന്നിരുന്നു. കുഞ്ഞരുവികളും പുഴകളും പച്ചപട്ടുടുത്ത തേയിലതോട്ടങ്ങളും കുന്നുകളും നമ്മെ നോക്കിചിരിക്കുകയും മാടിവിളിക്കുകയും ചെയ്തുകൊണ്ടേയിരുന്നു.കണ്ണിമ വെട്ടാതെ നോക്കിയിരുന്ന എത്രയോ അവിസമരണീയ കാഴ്ചകൾ.ചില വൃക്ഷലതാതികൾ ഇളം കാറ്റത്ത് നൃത്തം ചെയ്യുന്നു,നന്നായി നത്തം പഠിച്ച ഒരു നർത്തകിയെപോലെ.

12 വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞിയുടെ നാട്ടിലേക്ക് ഞങ്ങളെ സ്വാഗതം ചെയ്തത് ഒട്ടനവധി പുഷ്പങ്ങളും തേയിലതോട്ടങ്ങളും കൊച്ചരുവികളും വൃക്ഷങ്ങളുമായിരുന്നു. ഒരു സ്ഥലത്ത് ബസ്സ് നിർത്തി പിന്നെയുള്ള യാത്ര ഫോറസ്റ്റിന്റെ ബസ്സിലായിരുന്നു. തണുപ്പിൽ നിന്നും രക്ഷനേടാനുള്ള വസ്ത്രം ധരിച്ചിട്ടും  തണുപ്പിന്റെ



കാഠിന്യം വളരെ അതികമായതു പോലെതോന്നി.തണുപ്പ് തട്ടി വിറങ്ങലിച്ച ശരീരവുമായി പാമ്പ് ഇഴയുന്നപോലെയുള്ള പാതകൾ പിന്നിട്ടുകൊണ്ട് ഞങ്ങൾ ഇരവികുളം നാഷണൽ പാർക്കിലെത്തി.അവിടെ നിന്നും മലമുഴവനായും കയറണമെങ്കിൽ വളഞ്ഞുപുളഞ്ഞ ആ പാത താണ്ടി കയറണമായിരുന്നു. എന്നിരുന്നാലും ദൈവകൃപയാൽ ഒരു ക്ഷീണവും കൂടാതെ മല കയറി.ആ സമയങ്ങളിൽ ആകാശം ചില്ലുപാളികൾ വിതറുന്നതുപോലെ മഞ്ഞ് വിതറികൊണ്ടേയിരുന്നു. ചില കാറ്റുകൾ ഞങ്ങളെയങ്ങ് നീക്കികൊണ്ടുപോയി. മലമുകളിൽ നിന്നും പിറവിയെടുത്ത അരുവികളിലെ ശുദ്ധമായ ജലത്തിൽ മുഖം കഴുകിയപ്പോൾ ആ ജലം ഒരു സുഖാനുഭൂതി

തരുന്നതായി ഞാനറിഞ്ഞു. പ്രകൃതിദേവത എന്റെ മനസ്സിൽ കയറികൂടിയതിനാലാണോ എന്നറിയില്ല തണുപ്പിനോടെല്ലാം പോരാടികൊണ്ട് വംശനാശം സംഭവിച്ചുകൊണ്ടിരുന്ന വരയാടുകളെ കാണുന്നതിനായി ഒരു മടിയും കൂടാതെ മലമുകളിലെത്തിച്ചേരാൻ സാധിച്ചു. ചെറിയ ചാറ്റൽ മഴപോലുള്ള മഞ്ഞ് വീഴുന്നതിനാൽ വരയാടുകൾ വരില്ലായെന്ന വാർത്ത ഞങ്ങളുടെ കുഞ്ഞുമനസ്സുകളെ വളരെയധികം നോവിച്ചു. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ ഭംഗി ആസ്വദിക്കാൻ വന്ന വിദേശികളുടെ കൂടെ ഞങ്ങൾ ഫോട്ടോ എടുത്തു. അത് എന്റെ ജീവിതത്തിൽ മറക്കാനാവാത്ത ഒരനുഭവമായിരുന്നു. ശേഷം കാട്ടുദേവതകളോടും ഒരു കൊച്ചുകുട്ടിയെപ്പോലെ കൊഞ്ചിയൊഴുകുന്ന അരുവികളോടും യാത്ര പറഞ്ഞ് അവിടെ നിന്നും മടങ്ങി. അവിടെയുള്ള മ്യൂസിയത്തിൽ കയറി.ആ മ്യൂസിയം മൂന്നാറിനെ കുറിച്ചുള്ള അവിസ്മരണീയ കാഴ്ചകളുടെ ഒരു പുതിയ ലോകത്തിന്റെ കവാടം തന്നെ ഞങ്ങൾക്കു മുന്നിൽ തുറന്നു തന്നു. ഫോറസ്റ്റ് ബസ് തിരിച്ച് ഞങ്ങളുടെ ബസ്സിന്റെ അടുക്കലെത്തിച്ചു തന്നു.ബസ്സിൽ കയറി ഇരുന്ന് ഓരോ കുട്ടിയും തന്റേതായ അനുഭവങ്ങൾ പങ്കുവയ്ക്കാൻ തുടങ്ങി.അങ്ങനെ അവിടെ നിന്നും എക്കോ പോയിന്റിലേക്ക് യാത്രയായി. എക്കോ പോയിന്റിലെത്തി,അവിടെയുള്ള പുഴയോരത്തു നിന്നായിരുന്നു അന്നത്തെ ഉച്ചഭക്ഷണം. അലതല്ലി ഒഴുകുന്ന പുഴയുടെ തീരത്തു കൂടെ കുറെ നടന്നു. ശേഷം കൂകി വിളിച്ചു. അക്കരെ നിന്ന് ആരോ കൂകും പോലെ എന്റെ ശബ്ദം കാതുകളിലേക്ക് തന്നെ വന്നു പതിച്ചു. പിന്നീടുള്ള യാത്ര മേട്ടുപ്പട്ടി ടാം കാണാനായിരുന്നു. വളരെ ദയനീയമായിരുന്നു അവിടുത്തെ അവസ്ഥ. നമ്മൾ മനുഷ്യൻമാർ പുഴയോട് ചെയ്യുന്ന ക്രൂരത എന്റെ മനസ്സിനെ വല്ലാതെ അലട്ടി. ഒരു ഭാഗം മുഴുവൻ പ്ലാസ്റ്റിക്കാൽ സമൃദ്ധം. പുഴയുടെ സിരകൾ ജീർണിച്ചുകൊണ്ടെയിരിക്കുകയാണ്. മേട്ടുപട്ടി ടാമിന്റെ അരികിൽ നിന്നും കുറച്ച് പർചേഴ്സിങ് കഴിഞ്ഞ് ബസ്സിൽ കയറി തിരിച്ച് ലോഡ്ജിലെത്തി ചേർന്നു. അവിടെ നിന്നും രാത്രിയിലെ ഭക്ഷണം കഴിച്ച് വസ്ത്രം മാറ്റി ധരിച്ച് മയക്കത്തിലേക്ക് ഞങ്ങൾ അഞ്ചുപേരും ആണ്ടങ്ങ് നീങ്ങി. ഓരോ സ്വപ്നങ്ങളും മനസ്സിന് കുളിർമനൽകി കൊണ്ട് തെന്നി നീങ്ങി.

4:30 ആയപ്പോൾ ഞങ്ങൾ ഉണർന്നു. തൊട്ടടുത്ത ക്ഷേത്രത്തിൽ

നിന്നാണെന്നു തോന്നുന്ന സുപ്രഭാതശ്ലോകം കേട്ടുകൊണ്ടായിരുന്നു അന്നത്തെ ഉണർവ്. വേഗം കുളിച്ച് വസ്ത്രം മാറ്റി ഒരു കാലിചായയും കുടിച്ച് ആ ലോഡ്ജിനോട് യാത്ര പറഞ്ഞ് വാഗമണ്ണിലേക്ക് യാത്രയായി.

1:45 ആയിക്കാണും വാഗമണ്ണിലെത്തിയപ്പോൾ. അവിടേക്ക് പോകും വഴി ബസ്സിൽ കലക്കൻ പാട്ടുകളുണ്ടായിരുന്നു അതിനൊത്ത് ഞങ്ങൾ നൃത്തമാടി. ഞങ്ങളോടൊപ്പം പ്രകൃതിയും ഇണ ചേരുന്നതായി തോന്നി. അങ്ങനെ 9:30 ന് ഞങ്ങൾ ഒരു ഹോട്ടലിൽ നിന്നും പ്രഭാത ഭക്ഷണം കഴിച്ചു. വാഗമണ്ണിലെ ഓരോ മൊട്ടകുന്നുകളും ഒന്നിനൊന്ന് മെച്ചമായിരുന്നു.അവിടെ നിന്നും ഒട്ടനവധി ഫോട്ടോകൾ എടുത്തു. അവിടെ വലിയ തണുപ്പൊന്നുമുണ്ടായിരുന്നില്ല. മന്ദമാരുതൻ ഇടയ്ക്കിടെ ഞങ്ങളെ വന്നു തലോടി. അവിടെ എത്രയോപേർ ഉണ്ടായിരുന്നു. വാഗമണ്ണിനോടടുത്തുള്ള ഒരിടത്തുനിന്നായിരുന്നു അന്നത്തെ ഉച്ചഭക്ഷണമായിരുന്ന ബിരിയാണി കഴിച്ചിരുന്നത്. റോഡിനരികിലായി കുത്തുന്ന പശുവുണ്ടായിരുന്നു. അത് നിരവധി പേർക്കെതിരെ നീങ്ങി. വാഗമൺ എന്ന പ്രകൃതിരമണീയമായ ഇടത്തോട് യാത്ര



പറഞ്ഞ് തങ്ങൾ പാറയിലേക്ക് തിരിച്ചു. ഈ യാത്രയിൽ എനിക്ക് ഏറെ ഇഷ്ടമായ സ്ഥലം തങ്ങൾ പാറ ആയിരുന്നു .വൈകിട്ട് ഞങ്ങൾ അവിടെ എത്തിച്ചേർന്നു.നേരം വൈകിയതിനാൽ ഇനി അവിടേക്ക് പ്രവേശനമില്ലെന്ന് പറഞ്ഞു. ദൈവകൃപയാൽ അയാളുടെ കനിവാൽ ഞങ്ങളെ ഉള്ളിലേക്ക് പ്രവേശിപ്പിച്ചു.ഓരോ മലകളും കയറും തോറും ഉയരം കൂടികൂടി പൊയ്ക്കൊണ്ടേയിരുന്നു. ഒരു പ്രദേശത്തെ മുഴുവൻ ആ മലയിൽ നിന്ന് വീക്ഷിക്കാവുന്നതാണ്.ആകാശത്തു നിന്നും മഞ്ഞ് താഴേക്ക് ഇറങ്ങി വരുന്നത് വളരെ കൃത്യമായി കണ്ട് ആസ്വദിച്ചു. ഞങ്ങൾ കുറച്ചു കുട്ടികളും ടീച്ചറും കൂടി മലകൾ കയറി ഫോട്ടോയെല്ലാം പകർത്തി തിരിച്ചിറങ്ങി. ഓരോ മലയിറങ്ങുമ്പോഴും പ്രാർത്ഥനയോടും വളരെ ശ്രദ്ധയോടും കൂടിയാണ്

ഇറങ്ങിയത്. കാരണം അവിടെ നിന്നും ഒന്ന പതറിയാൽ പിന്നെ ബാക്കി കിട്ടുകയില്ല. കരുണാമയനായ ദൈവം ഞങ്ങൾ അവിടെ ഒരാപത്തും കൂടാതെ താഴെ എത്തിച്ചു. ശേഷം ഞങ്ങളുടെ യാത്ര കാമ്പ് ഫയറുള്ള ഇടത്തേക്കായിരുന്നു. അവിടെയെത്തി, നേരം ഇരുണ്ടിരുന്നു. നടുവിൽ ഒരു തീ കത്തിച്ചുവച്ച് അതിനു ചുറ്റുമായി ഞങ്ങൾ കുട്ടികൾ നിന്നു. അവർ ഡിജെ ലൈറ്റ് വച്ചുതന്നു. എല്ലാവരും നൃത്തം ചെയ്തു തുടങ്ങി. ആർത്തിരമ്പുന്ന ഒരു കടലായി മാറിയിരുന്നു അപ്പോൾ അവിടം വിദ്യാർത്ഥിയെന്നോ അദ്ധ്യാപകരെന്നോ വേർതിരിവില്ലാതെ എല്ലാവരും ആട്ടമാടി. അതൊരു വല്ലാത്ത അനുഭവം തന്നെയായിരുന്നു. ശേഷം ഞങ്ങളുടെ ടൂറിന്റെ മടക്കമെത്തി. ബസ്സ് ഒരു ഹോട്ടലിനു മുന്നിൽ നിർത്തി അവിടെ നിന്നും ഭക്ഷണം കഴിച്ച് പിന്നെയും മടക്ക യാത്ര തുടങ്ങി. ഒരു 1:30 വരെ ആരെയും ഉറങ്ങാൻ സമ്മതിച്ചില്ല. ഉറങ്ങുന്നവർക്ക് കൊമ്പൻ മീശയും,താടിയും, കൃതാവും എല്ലാം വരച്ചു വെച്ചു ഞങ്ങളുടെ കൊച്ചുകൊച്ചു കുസൃതികൾ തുടർന്നു. 2:30 ആയപ്പോൾ  മയക്കം ഞങ്ങളെ മാടി വിളിച്ചു. 6:10 ആയപ്പോൾ മുക്കത്തെത്തി. സർ ഓരോരുത്തരേയും വിളിച്ചുണർത്തി. ഓരോരുത്തരുടെയും അനുഭവങ്ങൾ പങ്കുവെയ്ക്കാൻ പറഞ്ഞു. ഐശ്വര്യമായിട്ട് ആദ്യം തന്നെ എന്നെയായിരുന്നു വിളിച്ചിരുന്നത്. എന്റെ അനുഭവങ്ങൾ പങ്കുവച്ചശേഷം മൈക്ക് കൈമാറികൊണ്ടിരുന്നു. 6:30  ആയപ്പോൾ ഞങ്ങളുടെ സ്വന്തം നാടായ കൊടുവള്ളിയിലെത്തി.

" ആൺപെൺ വ്യത്യാസമില്ലാതെ എല്ലാവരും സമാന്മാരായി കഴിഞ്ഞ ആ മൂന്ന് ദിവസങ്ങൾ മറക്കാൻ കഴിയാത്ത ഓർക്കാൻ കൊതിക്കുന്ന നിമിഷങ്ങളാണ്."

മായ.പി

10. ബി

# Barat Scout and Guides



2019–20 അധ്യായന വർഷത്തിൽ G.H.S.S KODUVLLY –ൽ ഗൈഡ്സ് പ്രസ്ഥാനത്തിന് തുടക്കം കുറിച്ച് കൊണ്ട് ഔപചാരിക ഉൽഘാടനം നടന്നു. 16th ലും7th ലും പഠിക്കുന്ന 21 പെൺകുട്ടികളെ ഉൾപ്പെടുത്തികൊണ്ട് ഗൈഡ്സിൻെറ ഒരു യൂണിറ്റ് തുടങ്ങാൻ സാധിച്ചു. വിദ്യാർത്തികൾ ആഴ്ച്ചയിൽ ഒരു ദിവസം യൂണിഫോം ധരിച്ചുവരുകയും അവർക്കുവേണ്ട ക്ലാസുകൾ നടത്തിവരകയും ചെയ്യുന്നു.

ഈയൊറ്റ സാഹചര്യത്തിൽ ഈ പ്രസ്ഥാനത്തെ കുറിച്ച് ചെറിയൊരു വിവരണം ഇവിടെ എഴുതാൻ ഞാൻ ആഗ്രഹിക്കുന്നു.

BP എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന റോബർട്ട് സ്റ്റീഫൻ സൺസ്മിത്ത് ബേടൻ പവൻ എന്ന വ്യക്തിയാണ് ഈ പ്രസ്ഥാനത്തിൻെറ സ്ഥാപകൻ. 1857 ഫെബ്രുവരി 22–ന് ലണ്ടണിലാണ് ആദേഹത്തിന്റെ ജനനം . 1908–ൽ ഒരു ബുക് എഴുതി 'scouting for bags' 1909 –ൽ scout പ്രസ്ഥാനവും 1911– ൽ ഗൈഡ് പ്രസ്ഥാനവും ഇന്ത്യയിൽ നിലവിൽ വന്നു 1950–നവബർ 7–ന് Barat scout & Guides Association നിലവിൽ വന്നു . സംസ്ഥാന ആസ്ഥാനം തിരുവന്തപുരവുമാണ്

## *നിർവചനം Definition*

സ്ഥാഭകനായ ബേഡൻ പവ്വൽ 1907–ൽ വിഭവനം ചെയ്ത ഉദ്ദേശ്യം, തത്വങ്ങൾ, രീതി എന്നിവക്ക് അനസൃതമായി ജന്മ, വർഗ്ഗ, വിശ്വാസ ഭേദങ്ങളുടെ പരിഗണയില്ലാതെ ആർക്കും പ്രവേശനം അനുവദിക്കുന്ന യുവജനങ്ങൾക്ക് വേണ്ടിയുള്ള സ്വചാരാനുസാരവും കക്ഷിരാഷ്ടീയരഹിതവുണായ ഒരു വിദ്യാഭ്യാസ പ്രസ്ഥാനമാണ് ഭാരത് സ്കൗട്ട് &Guides

## *ഉദ്ദേശ്യം [purpose]*

യുവജനങ്ങളുടെ കായികവും ബുദ്ധികവും സാമൂഹിഗവും ആത്മീയവുമായ അന്ത : ശക്തികളെ പൂർണമായും വികസിപ്പിച്ച് അവരേ വ്യക്തികളെന്ന നിലക്കും ഉത്തരവാദിത്വമുള്ള പൗരന്മർനിലക്കും പ്രാഗേശികവും അന്തർഗേശികവുമായ സമൂഹങ്ങളിലെ അംഗങ്ങൾ എന്ന നിലക്കും വളർത്തിയെടുകുന്നതിന് സംഭാവന നൽകുകയാണ് ഈപ്രസ്ഥാവനത്തിന്റെ ഉദേശ്യം

**തത്വങ്ങൾ [principles]**

1—ഈശ്വരനോടുള്ള കടമ

2—മുള്ളവരോടുള്ള കടമ

3—തനോടുതനേയുള കടമ

**പ്രതിജ്ഞകൾ promise**

ദൈവത്തോടും എന്റെ രാജ്യതോടുമുള്ള എന്റെ കടമ നിർവക്കുന്നതിനും മറ്റുള്ളവരെ സഹായിക്കുന്നദിനും ഗൈഡ് നിയമം അനുസരിക്കുന്നതിനും എന്റെ കഴിവിന്റെ പരമാവധി ചെയുമെന്ന് എന്റെ മാന്യതയെ മുൻനിർത്തി ഞാൻ പ്രതിഞ്ജ ചെയുന്നു.

സലീന. കെ
എച്ച് എസ് എ സോഷ്യൽ സയൻസ്
[ഗൈഡ്സ് ക്യാപ്റ്റൻ
ജി. എച്ച്. എസ്. എസ് കൊടുവള്ളി]

## ബുദ്ധന്റെ മൊഴികൾ

1.നമ്മെ നാമാക്കുന്നത് നമ്മുടെ ചിന്തകളാണ്.

2.ആയിരം തിരികൾക്ക് വെളിച്ചം പകർന്നുകൊടുക്കുന്നത് കൊണ്ട് ഒരു മെഴുകിതിരിയുടെ ആയുസ്സ് കുറയുന്നില്ല.പങ്കുവെയ്ക്കപ്പെടുന്ന സന്തോഷവും അത് പോലെയാണ്.

3.നിങ്ങൾ നിങ്ങൾക്കു തന്നെ പ്രകാശമായി വർത്തിക്കുക

ക്ഷമയാണ് ഏറ്റവും വലിയ പ്രാർത്ഥന

- 4.വിഡ്ഢികൾ പാതി നിറഞ്ഞ പാത്രം പോലെ എപ്പോഴും ഒച്ചയാട്ടുന്നു. ബുദ്ധിമാന്മാർ തടാകം പോലെ ശാന്തരായിരിക്കും.

# IEDSS പ്രവർത്തങ്ങൾ

കൊടുവള്ളി ഗവ ഹയർ സെക്കൻററി സ്കൂളിൽ 5 മുതൽ 12ാം ക്ലാസ്സ വരെ 28 ഓളം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ പഠിക്കുന്നുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, ശ്രവണ വൈകല്യമുള്ളവർ, ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർ, ഫീമോഫീലിയ, പഠനവൈകല്യമുള്ളവർ വിവിധ ക്ലാസ്സുകളിലായി ഇവിടെ പടിക്കുന്നു. അവർക്ക് വേണ്ട എല്ലാ സഹായവും അധ്യാപകർ ചെയ്യുന്നുണ്ട് ഇവരുടെ കഴിവുകൾ കണ്ടെത്തി പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യധായിലേയ്ക്ക് എത്തിക്കികയാണ് ചെയ്യുന്നത്.

അധ്യയന വർഷാരംഭത്തിൽ തന്നെ പുതുതുയി വന്ന പ്രശ്നങ്ങളുള്ള കുട്ടികളെ റിസോഴ്സ് അദ്യാപിക സ്ക്രീനിങ്ങ് നടത്തുകയും സംശയമുള്ള കുട്ടികളുടെ ലിസ്റ്റ് B.R.C യിൽ നൽകുകയും ചെയ്യും . അതനുസരിച്ച് B.R.C കുട്ടികൾക്ക് ക്യാമ്പ് നടത്തി പ്രശ്നങ്ങളുള്ള കുട്ടികളെ കണ്ടെത്തി സാമ്പത്തിക സഹായവും ഉപകരണങ്ങളും, മറ്റ് റഫറൻസ് നൽകുകയും ചെയ്യും. മുൻവിദ്യാലയങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് T.C പരിശോധിച്ച് അത് ലഭിക്കുന്നതിനു വേണ്ട കാര്യങ്ങൾ ചെയ്യു.



ഓണാഘോഷത്തോടനുബന്ധിച്ച് കിടപ്പിലായ 9 ൽ പടിക്കുന്ന ഫാത്തിമത്തുഷാദിയ, 8 ൽ പടിക്കുന്ന അനുശ്രീയുടെ ഗൃഹസന്ദർശനം നടത്തി. പി.ടി.എ പ്രസിഡണ്ട്, ഹെഡ്മാസ്ററർ അധ്യാപകർ, കുട്ടികൾ എന്നിവർ സമ്മാനങ്ങളും മറ്റും ഇവർക്ക് നൽകി . കുട്ടികൾ ഓണപാട്ട് പാടി ഇവർക്ക് സന്തോഷം നൽകി. SEN കുട്ടികൾ പഠിക്കുന്നക്ലാസ്സിലെ വിഷയാധ്യാപകരുമായി ചർച്ച ചെയ്ത് അവർക്ക് അനിയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യു. സൗഹൃത പാഠം പദ്ധതി 9th A ക്ലാസിൽ കായികാരോഗ്യത്തിന്റെ പിരീട് നടത്തി.

little kites–ന്റെ കുട്ടികൾ SEN കുട്ടികൾക്ക് കമ്പ്യൂട്ടർ തുറക്കാനും ,application select ചെയ്യാനും മറ്റുമുള്ള പ്രവർത്തനങ്ങൾ ഒഴിവ് സമയങ്ങളിൽ നൽകാറുണ്ട്

october25ാം തീയതി കൊടുവള്ളി BRC യുടെ കീയിൽ സ്പീച്ച് തെറാപ്പി യൂണിറ്റ് സ്കൂളിൽ ആരംമ്പിച്ചു. കേൾവിക്കും സംസാരത്തിനും പ്രയാസമുള്ള കുട്ടികൾക്ക് വളരെ പ്രയോജനമുള്ള ഒരു പദ്ധതിയാണ് ഇത്.

DEC–3 ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് സ്കൂളിൽ കൈതാങ്ങ് എന്ന വിഷയത്തിൽ ചിത്ര രചനാ മത്സരവും ,HS, HSS, ഭന്നശേഷി സൗഹൃദ സമൂഹം എന്ന വിഷയത്തിന്റെ പോസ്റ്റർ രചനയും നടത്തി.

# അമ്മയെന്ന മഹാ സാഗരം

പണ്ട് ഒരു ചെറിയ ഗ്രാമത്തിൽ അമല എന്ന് പേരുള്ള ഒരു സ്ത്രീയുണ്ടായിരുന്നു. അവൾ വലരെ നല്ല സ്ത്രീയായിരുന്നു. അവൽ ഒരു പാവം പിടിച്ച കുടുംബത്തിലെ ആളായിരുന്നു. അവളാണ് ആകുടുംബത്തിൻെറ നാഥൻ. ആ കുടുംബത്തിൽ അമലയുടെ അമ്മ, അച്ഛൻ, അവളുടെ രണ്ട് കുട്ടികളുമായിരുന്നു ഉള്ളത് . ഒരു അപകടത്തിൽ അവൾക്ക് അവളുടെ
ഭർത്താവിനെ നഷ്ടമായി ആ സമയം അവൾ അവളുടെ രണ്ടാമത്തെ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുകയായിരുന്നു. ആ സംമ്പവത്തോടെയാണ് ആ കുടുംബം ഇല്ലാതായത്. അമലയുടെ മൂത്ത കുട്ടിയുടെ പേര് അപ്പുവെന്നും രണ്ടാമത്തെ കുട്ടിയുടെ പേര് അമ്മുവെന്നുമാണ് അവരും അമലയെ പോലെ



നല്ല സ്വഭാവത്തിന് അടിമയാണ്. സമ്പത്തില്ലെങ്കിലും മനസ്സ കൊണ്ട് അവർ സന്തുഷ്ട്ടരാണ്
അങ്ങനെ ഒരു ദിവസം അമല എന്തോ ആവിശ്യം കഴിഞ്ഞ് വഴിയിൽകൂടി നടന്നുവരുമ്പോൾ അവൾ അവളുടെ മൂത്ത മകനായ അപ്പുവിനെ കൂട്ടകാരുടെ
കൂടെ തോട്ടിൻ കരയിൽവെച്ച് അവൾ കണ്ടു അവൻ എന്തോവലിയ പ്രശ്നം ചർച്ചചെയ്യുന്നതായി അവളുടെ ശ്രദ്ധയിൽ പെട്ടു അവൾ അത് ശ്രദ്ധിക്കാൻ തുടങ്ങിയതും അവൾ ഒന്ന് അമ്പരന്നു പോയി പിന്നെ അവളുടെ മിഴികളിൽ നിന്ന് ഓരോ കണ്ണ നീർ തുള്ളിയായി ഒഴുകാൻ തുടങ്ങി പിന്നെ ഒന്നുകൂടി
അവൾ കാത് കൂർപ്പിച്ച് കേട്ടു. പിന്നീടുള്ള ഒരോ കാലടിയിലും അപ്പുപറഞ്ഞ കാര്യം അവളുടെ ചെവികൾ നിറഞ്ഞു. എന്നാണെന്നല്ലെ? അപ്പു ലഹരി വസ്തുവിന് അടിമപ്പെട്ടതായി. അതേ സമയം അമല സ്വന്തം മകനിലുള്ള ദൃഢമായ വിശ്വാസം നഷ്ട്ട പെട്ടതിൽ സങ്കടത്താൽ മുഴുകി അവൾ അലറി 'എൻെറ മകൻ അങ്ങലെയൊന്നും ചെയ്യില്ല'' എന്ന് അവൾ മനസ്സിൽ ഉറപ്പിച്ചെങ്കിലും അവളുടെ ചെവികളിൽ അപ്പുവിൻെറ നാദത്താൽ അടഞ്ഞു അവളാ കുറേ കരഞ്ഞുയ. പിന്നീട് അവൾ സ്വയം തന്നെ പഴിടാരിച്ച മക്കൾക്ക് അമിത അമിത സ്വാതന്ത്ര്യം അവൾ നൽകിയതുകൊണ്ടാണ് ഇങ്ങനെ സംമ്പവിച്ചതെന്ന് പോകുന്ന വഴിതന്നെ അവൾ ആലോചിച്ചു. പിന്നെ അമല മനസ്സ കൈവിടാതെ അപ്പുവിൽ നിന്ന് ആ സ്വഭാവം മാറ്റിയെടുക്കുമെന്ന് അവൾ ഉറപ്പിച്ചു അതുപോലെതന്നെ അവൾ ഇത്

കുടുംബാങ്കങ്ങളിൽ ആരോടും പറയില്ലന്നും സ്വയം മനസ്സിൽ തന്നെ എല്ലാ
വിശമവും നിൽക്കട്ടെയെന്നും അവൾ തീരുമാനിച്ചു.
അങ്ങനെ അവൾ വീട്ടിലെത്തിയപ്പോൾ ഉമ്മറത്ത് തൻെറ അമ്മയേയും
കാത്തുനിൽക്കുന്ന ആ പിഞ്ചു കുഞ്ഞിനെ അവൾ രണ്ടു കൈകൾ കൊണ്ടു
കോരിയെടുത്ത് നെഞ്ചോടടുപ്പിച്ചു അപ്പോൾ അവൾ അറിയാതെ അവളുടെ
ഭർത്താവിനെ ആലോചിച്ചു പറഞ്ഞു ചേട്ടൻ ഉണ്ടായിരുന്നെങ്കിൽ നമ്മുടെ മക്കൾ
ഇങ്ങനെ അനാഥരാവുകയില്ലായിരുന്നു എന്ന് പറഞ്ഞു ഒന്നുടെ അമ്മുവിനെ
നെഞ്ചോട് പിടിച്ച് അവൾ കരഞ്ഞു. കുറച്ചു സമയം കൈയവേ അപ്പു വീടിൻെറ
ഉമ്മറത്തു നിന്ന് അമ്മേ അമ്മേ എന്ന് ശബദത്തോടെ വിളിച്ചു
വിളികേൽക്കാൻ നിന്നതുപോലെ അമല വീടിൻെറ ഉമ്മറത്തേക്കു ഓടിവന്നു
എന്നിട്ട് അറിഞ്ഞതായിട്ടൊന്നു ഭാവമില്ലാതെ എന്താ മോനെ എന്ന് മൃദു
ലാളനായകുന്ന ശബ്ദത്തോടെ ചോദിച്ചു അപ്പോൾ അപ്പു അമലയോട് ചോദിച്ചു
അമ്മേ എനിക്കൊരു അമ്പതുരൂപ തെരണമെന്ന്. എന്തിനാ എന്ന് പോലും
ചോദിക്കാനെ അമല മുറിയിൽ പോയി അമ്പതുരൂപ എടുത്ത് അപ്പുവിന്
കൊടുത്തു. കിട്ടിയ സന്തോഷത്തിൽ അപ്പു വളരെ വേഗത്തിൽ തിരിഞ്ഞോടി
അതും അമ്മയോട് യാത്രപോലും ചോദിക്കാതെ അപ്പോഴാണ് അവൾ
ഓർക്കുന്നത് കുറച്ചുകാലം മുൻമ്പ് വരെ അപ്പു അമ്മയുടെ കൈ വിട്ട് എവിടേയും
പോയിട്ടില്ല പക്ഷെ ഇപ്പോൾ അവൻ വളർന്നു അതുപോലെ തന്നെ അവൻെറ
അറിവും. പക്ഷ അപ്പോഴും അവളുടെ മനസ്സിൽ ഒരു ചോദ്യ
ചിന്നമായി കിടന്നത് സത്യ മാത്രം പറയുകയും പ്രവർത്തിക്കുകയും ചെയ്ത
തൻെറക്കുട്ടി ഇപ്പോഴെങ്ങനെയാണ് ലഹരിക്കി അടിമപ്പെട്ടത് എന്ന് മാത്രം
അമലയ്ക്ക് മനസ്സിലായില്ല അമല വിശമിതയായി. അമലയ്ക്കറിയാമായിരുന്നു ആ
രൂപ അവന് എന്തിനായിരുന്നു എന്ന്. അതുകൊണ്ട് അവൾ ഒരു വാക്കുപോലും
ചോദിക്കാതെ കാശെടുത്ത് കൊടുത്തത്. അവൾ തീരുമാനിച്ചു
ഇന്നു രാത്രി തന്നെ അവൾ അവനോട് ചോദിക്കാനും അതുപോലെ ഇതിൽ നിന്ന്
പിന്തിരിപ്പിക്കാനും. അങ്ങനെ സന്ധ്യാ സമയം അമലയുടെ അമ്മ വിളക്കുമായി
തുളസ്സിച്ചെടിയുടെ അടുത്ത് ചെല്ലുമ്പോൾ അപ്പു ആകെ വ്യത്യസ്ഥനായി എന്നു
അമ്മൂമയ്ക്ക് മനസ്സിലായി കാരണം നല്ല ആരാധനയോടെയാണ് രണ്ടുകുട്ടികളേയും
വളർത്തിയത് വിളക്കു കാണുമ്പോൾ തന്നെ എഴുന്നേൽക്കുന്ന അപ്പു എഴുന്നേറ്റില്ല
അതു കണ്ടപ്പോൾ അമ്മൂമയ്ക്ക് ആകെ സംങ്കടമായി.
അങ്ങനെ രാത്രി എല്ലാവരും അത്താഴമെല്ലാം കഴിച്ച് ഇരിക്കുമ്പോൾ അമല
അപ്പുവിനെ രഹസ്യമായി ഒരു മുറിയിൽ കൊണ്ടുപോയി മുറിയുടെ കുറ്റിയിട്ട ശേഷം
അമല അവനോടുചോദിച്ചു മോന് ഞങ്ങൾ കാരണം എന്തെങ്കിലും ബുദ്ധിമുട്ട്
ഉണ്ടോ അവൻ പറഞ്ഞു ഇല്ല പിന്നെന്തിനാ മോന് മറ്റു ലഹരിവസ്തുക്കൾ
ഉപയോഗിക്കുന്നത് അവൻ നിശ്ചയിതനായി നിന്നുപോയി എന്നിട്ട് അവൻ
പറഞ്ഞു അത് അമ്മ ഞാൻ ചെയ്തത് കുറ്റമാണ് അത് അമ്മയുടെ ചോദ്യത്തിൽ

